**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,**

**തിരുവനന്തപുരം**

**(ഹാജർ: ഡോ.കെ.വാസുകി ഐ.എ.എസ്.)**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ഒന്നാം ഗ്രേഡ് അഗ്രികൾച്ചറൽ അസിസ്റ്റന്റുമാർക്ക് അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ തസ്തികയിലേയ്ക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് കരട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ഈ ഓഫീസിലെ 09.10.2020 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
2. ഈ ഓഫീസിലെ ഉത്തരവ് നമ്പർ SD(1) 4029 / 2020 തീയതി 27.08.2020 & 28.06.2021.
3. ഈ കാര്യാലയത്തിലെ 13.01.2021, 29.09.2020, 19.10.2020 തിയ്യതികളിലെ എസ്.ഇ (2) 9685/ 2020 പ്രകാരമുള്ള ഉത്തരവുകൾ.
4. ഈ കാര്യാലയത്തിലെ 03.04.2021, 29.07.2021 എന്നീ തീയതികളിലെ ADFW/ 1670/ 2021 – SE 2 പ്രകാരമുള്ള ഉത്തരവ്.

**ഉത്തരവ് നമ്പർ എസ്.ഇ (2) 48212 / 2017, തീയതി : 13.08.2021.**

കൃഷിവകുപ്പിൽ 3072 കൃഷി അസിസ്റ്റന്റുമാരുടെ അംഗീകൃത തസ്തികകളാണ് ഉള്ളത്. കൃഷി അസിസ്റ്റന്റ് II, കൃഷി അസിസ്റ്റന്റ് ഗ്രേഡ് I, അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ എന്നിവരുടെ അനുപാതം 5:3:2 എന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർമാരുടെ അംഗീകൃത തസ്തികകളുടെ എണ്ണം 614 എന്ന് നിജപ്പെടുത്തിയിരിക്കുന്നു.

10.06.2020 വരെ അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർമാരുടെ തസ്തികയിലുണ്ടായ ഒഴിവുകൾ മേൽ പരാമർശം (1) പ്രകാരമുള്ള ഉത്തരവു പ്രകാരം നികത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ആയതിനുശേഷം കൃഷി ഓഫീസർ പ്രൊമോഷൻ മുഖേനയും, കൃഷി ഫീൽഡ് ഓഫീസർ പ്രൊമോഷൻ മുഖേനയും, അസിസ്റ്റന്റ് കൃഷി ആഫീസർമാരുടെ വിരമിക്കൽ മുഖേനയുമുള്ള 29.07.2021 വരെയുണ്ടായിട്ടുള്ള അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ തസ്തികയുടെ ഒഴിവിലേയ്ക്ക് കൃഷി അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ ജോലി നോക്കുന്നവരിൽ സീനിയർ ആയിട്ടുള്ളവർക്ക് ഈ ഉത്തരവിനൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പട്ടികയിൽ പറയും പ്രകാരം താൽക്കാലികമായി റേഷ്യോ പ്രൊമോഷൻ അനുവദിച്ച് കരട് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

ടി ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച നൽകിയ തീയതി മുതൽ 30700-800-33900-900-37500-1000-42500-1100-48000-1200-54000-1350-59400-1500-65400 (PR) ശമ്പള സ്കെയിൽ അനുവദിച്ച കൊണ്ട് ഉത്തരവാകുന്നു. ടി ജീവനക്കാർക്ക് ജി.ഒ (പി) നം515/07/ഫിൻ തീയതി, 19.10.2007, സർക്കാർ സർക്കുലർ നം.5/10/ഫിൻ തീയതി, 14.1.2010 എന്നിവ പ്രകാരമുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഈ ഓഫീസിൽ നിന്നും അന്തിമ ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം നിയന്ത്രണ ഉദ്യോഗസ്ഥർ ടി ജീവനക്കാരുടെ ശമ്പളം പുനക്രമീകരിച്ച് നൽകേണ്ടതും ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ സേവനപുസ്തകത്തിൽ വരുത്തേണ്ടതുമാണ്.

ഈ ഉത്തരവ് വകുപ്പിന്റെ keralaagriculture.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. ജീവനക്കാർക്കും നിയന്ത്രണ ഉദ്യോഗസ്ഥർക്കും ഉത്തരവ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും ഉത്തരവിന്റെ പകർപ്പ് കിട്ടി എന്നുള്ള വിവരം ഉറപ്പാക്കേണ്ടതാണ്.

ഈ ഉത്തരവിൻമേൽ എന്തെങ്കിലും ആക്ഷേപം/പരാതി ഉള്ള പക്ഷം ഉത്തരവ് തീയതി മുതൽ രണ്ടാഴ്ച്ചയ്ക്കകം ബന്ധപ്പെട്ട രേഖകൾ സഹിതം മേലധികാരി മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. ടി തീയതിക്കുശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല

**(ഒപ്പ്)**

**ഡയറക്ടർ**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**

Junior Superintendent
Section
Directorate of Agriculture
Thiruvananthapuram-33

ബന്ധപ്പെട്ട ജീവനക്കാർക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന)
എല്ലാ സബ് ഓഫീസുകൾക്കും
ഐ.റ്റി.സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും. (ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ കൃഷി ആഫീസർമാർ / ഓഫീസ് തലവൻമാർ എന്നിവർ ഈ ലിസ്റ്റ് പരിശോധിച്ച് ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജിവനക്കാർ LWA / അനധികൃത ഹാജരില്ലായ്മ എന്നിവയിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ ആ വിവരം അറിയിക്കേണ്ടതാണ്.)

DR 06.08.2021.